| | | | |
|---|---|---|---|
| പതിമൂന്നാം കേരള നിയമസഭ | | | |
| ആറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 1741 | | 14.12.2012 -ൽ മറുപടിയ്ക്ക് | |
| ശിശു സംരക്ഷണ പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ജോസഫ്.വാഴക്കൻ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ശിശു സംരക്ഷണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കുട്ടികളുടെ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്രസർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് "സമഗ്ര ശിശുസംരക്ഷണ പദ്ധതി'' (ഐ.സി.പി.എസ്). ജുവനൈൽ ജസ്റ്റീസ് ആക്ട് 2000 സമഗ്രമായി നടപ്പാക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെയും, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും സംരക്ഷണവും ഉത്തമ താൽപര്യവും സംരക്ഷിക്കപ്പെടുക എന്നതിനാണ് മുൻഗണന കൊടുത്തിരിക്കുന്നത്. പ്രതികൂല സാഹചര്യങ്ങളിൽ കഴിയുന്ന കുട്ടികളെ സഹായിക്കുക, മാനസികമായും ശാരീരികമായും ചൂഷണം ചെയ്യപ്പെടുന്ന കുട്ടികൾ, മാതാപിതാക്കളാൽ തിരസ്ക്കരിക്കപ്പെട്ട കുട്ടികൾ, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾ എന്നിവരുടെ ശ്രദ്ധയും സംരക്ഷണവുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. വകുപ്പിൻ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ എന്നി വിടങ്ങളിൽ കുട്ടികളുടെ ദൈനംദിന ചെലവുകൾ, ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ പദ്ധതികൾ ഈ പദ്ധതി വഴി നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി സംസ്ഥാന - ജില്ലാതലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പദ്ധതി ആരംഭിക്കുന്നതിനായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ബഹു.സാമൂഹ്യനീതിവകുപ്പുമന്ത്രി ചെയർപേഴ്സണായുള്ള ഗവേണിംഗ് ബോഡി രൂപീകരിക്കുകയും ടി ബോഡി രണ്ട് തവണ യോഗം ചേരുകയും ചെയ്തു. ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണായി എക്സിക്യൂട്ടീവ് കമ്മിറ്റിയും സ്റ്റേറ്റ് ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലും ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സഹായിക്കേണ്ട ജീവനക്കാരുടെ നിയമനം നടത്തിയിട്ടില്ലാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. |
| (സി) | ശിശു സംരക്ഷണത്തിനും ക്ഷേമ ത്തിനും എന്തെല്ലാം പ്രവർത്തന ങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്; വിശദമാ ക്കുമോ? | (സി) | ശിശുസംരക്ഷണത്തിനും ക്ഷേമത്തിനുമായി ടി പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചൈൽഡ് ലൈൻ സിറ്റി/ ഡിസ്ട്രിക്റ്റ് ലെവൽ അഡ്വൈസറി ബോർഡ് ശക്തിപ്പെടു ത്തുക.<br>2. തെരുവുകുട്ടികൾ, ബാലഭിക്ഷാടനം നടത്തുന്ന കുട്ടികൾ തുടങ്ങിയവരെ പുനരധിവസിപ്പിക്കുന്ന സംഘടനകൾക്ക് 90% ഗ്രാന്റ് നൽകുക.<br>3. സ്പോൺസഷിപ്പ്, ഫോസ്റ്റർ കെയർ ശക്തിപ്പെടുത്തുക.<br>4. ഇൻകൺട്രി അഡോപ്ഷൻ പ്രോത്സാഹിപ്പിക്കുക.<br>5. ആഫ്റ്റർ കെയർ പ്രോഗ്രാം പ്രോത്സാഹിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | 6. ബാലനീതി നിയമപ്രകാരം പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളുടെയും ഒബ്സർവേഷൻ ഹോമുകളു ടേയും, സ്പെഷ്യൽ ഹോമുക ളുടെയും സ്റ്റാഫുകളുടെ ചെലവുകൾ ഹോമിന്റെ കൺസ്ട്രക്ഷൻ, മെയിന്റ നൻസ് ചെലവുകൾ എന്നിവ യുടെ പ്രവർത്തനങ്ങൾക്ക് ഫണ്ട് നൽകുക.<br>7. ചൈൽഡ് വെൽഫയർ കമ്മിറ്റി ജുവനൈൽ ജസ്റ്റീസ് ബോർഡ് സിറ്റിംഗിനായുള്ള കെട്ടിടം ഫർണിച്ചർ, മറ്റു റിക്കറിംഗ്, നോൺ റിക്കറിംഗ് ചെലവുകൾക്ക് തുക നൽകുക.<br>8. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ പ്രവർത്തനത്തിന് ഫണ്ട് നൽകുക.<br>9. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്മെന്റ് റീജിയണൽ പരിശീലനകേന്ദ്രങ്ങൾക്ക് ഫണ്ട് നൽകുക. |

Jayasree

സെക്ഷൻ ഓഫീസർ